(സി) വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം തൊഴിലാളികൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകാൻ തയ്യാറാകാത്ത തൊഴിലുടമകൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

**ഭക്ഷ്യ സംസ്ക്കരണ മേഖലയിൽ പുതിയ സംരംഭങ്ങൾ**

9 (* 716) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. സുജനപാൽ :
ശ്രീമതി രാധാരാഘവൻ :
ശ്രീ. എൻ.ഡി. അപ്പച്ചൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യ വസ്തുക്കളുടെ സംസ്ക്കരണത്തിലേർപ്പെട്ടിട്ടുള്ള വ്യവസായങ്ങൾക്ക് കേന്ദ്ര ഗവൺമെന്റ് എന്തെല്ലാം പ്രോൽസാഹനങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട് ;

(ബി) ഈ മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുവാൻ വ്യവസായ വകുപ്പ് പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് എവിടെയെല്ലാം ഭക്ഷ്യ സംസ്ക്കരണ വ്യവസായം ഇപ്പോൾ നടത്തപ്പെടുന്നു എന്ന് വ്യക്തമാക്കാമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഭക്ഷ്യ സംസ്ക്കരണ മേഖലയിലെ വ്യവസായ സംരംഭകർക്ക് നവീന സാങ്കേതിക വിദ്യയും ധനസഹായവും നൽകുവാൻ വേണ്ടി കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയം നടപ്പിലാക്കിവരുന്ന പദ്ധതികളെ സംബന്ധിച്ച വിവരം അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.† ടി പദ്ധതികളുടെ സംസ്ഥാനത്തെ നോഡൽ ഏജൻസിയായി കിൻഫ്രയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം ഓരോ സംരംഭകർക്കും പരമാവധി 50 ലക്ഷം രൂപ വരെ കേന്ദ്ര സർക്കാരിൽ നിന്നും ഗ്രാന്റായി ലഭിക്കുന്നതാണ്.

(ബി) ഭക്ഷ്യ സംസ്ക്കരണ മേഖലയിൽ സംരംഭകർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിന് വേണ്ടി കിൻഫ്രയുടെ ആഭിമുഖ്യത്തിൽ സെബോക്കോ ഇന്ത്യാ ലിമിറ്റഡ്, ന്യൂ ഡൽഗി എന്ന ഏജൻസിമുഖേന വിവിധ പ്രോജക്ട് പ്രൊഫൈലുകൾ തയ്യാറാക്കിവരികയാണ്. പ്രസ്തുത പ്രൊഫൈലുകൾ കരട് രൂപത്തിലായതിനാൽ വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(സി) കിൻഫ്രയുടെ മലപ്പുറത്ത് കാക്കാഞ്ചേരിയിലുള്ള ഫുഡ് പ്രോസസിംഗ് പാർക്കിലും തിരുവനന്തപുരത്ത് തുമ്പയിലുള്ള ചെറുകിട വ്യവസായ പാർക്കിലും വിവിധ സംരംഭകർ ഭക്ഷ്യ സംസ്ക്കരണ വ്യവസായങ്ങൾ നടത്തിവരുന്നു. ഇത് കൂടാതെ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സ്വകാര്യ സംരംഭങ്ങളായി വലുതും ചെറുതുമായ ഭക്ഷ്യ സംസ്ക്കരണ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നുണ്ട്.

---

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം - I

[25-7-2003-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 8 (*715) ദയവായി കാണുക]

തൊഴിൽ നിയമങ്ങൾ ലംഘിക്കപ്പെടാതെ നടപ്പിലാക്കുന്നതിനായി ഓരോ നിയമപ്രകാരവും ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാരായ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ട്. എന്ന് ഉറപ്പു വരുത്തുന്നതിന് സ്ഥാപനങ്ങൾ പരിശോധിച്ച് നിർദ്ദേശങ്ങൾ നൽകുകയും ആവശ്യമായ സന്ദർഭങ്ങളിൽ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള കർശന നിയമനടപടികളും സ്വീകരിക്കാറുണ്ട്. എന്നാൽ ഈ മേഖലയിൽ നിലനിൽക്കുന്ന പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് കശുവണ്ടി ഫാക്ടറികൾ പരിശോധിക്കുന്നതിന് മാത്രമായി ജില്ലാ അടിസ്ഥാനത്തിൽ പ്രത്യേകം സ്ക്വാഡുകളും നിലവിലുണ്ട്. ഈ സ്ക്വാഡുകളിൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർക്കു പുറമേ ഫാക്ടറീസ്, ഇ.എസ്.ഐ., പ്രോവിഡന്റ് ഫണ്ട്, ലീഗൽ മെട്രോളജി, കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധിബോർഡ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരും അംഗങ്ങളാണ്. ഈ സ്ക്വാഡുകൾ നടത്തുന്ന പരിശോധന വിലയിരുത്തുന്നതിനും സ്ക്വാഡുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ട്രേഡ് യൂണിയൻ പ്രതിനിധികൾ കൂടി അംഗങ്ങളായ എൻഫോഴ്സ്മെന്റ് റിവ്യൂ കമ്മിറ്റിയും പ്രവർത്തിക്കുന്നുണ്ട്.

## അനുബന്ധം - II

[25-7-2003-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 9 (* 716) ദയവായി കാണുക]

**കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയം നടപ്പിലാക്കിവരുന്ന വിവിധ ധനസഹായ പദ്ധതികൾ**

1. അടിസ്ഥാന സജ്ജീകരണ സംബന്ധമായ സൗകര്യങ്ങൾ വികസിപ്പിക്കാനുള്ള പദ്ധതി.
2. ഭക്ഷ്യ സംസ്കരണ വ്യവസായങ്ങളുടെ സ്ഥാപനത്തിന്/ വിപുലീകരണത്തിന്/ നവീകരണത്തിന് വേണ്ടിയുള്ള പദ്ധതി.
3. മാംസ സംസ്ക്കരണത്തിന്റെ വികസനം /നവീകരണം സംബന്ധിച്ച പദ്ധതി.
4. കോഴിവളർത്തലും/മുട്ട സംസ്കരണവും വികസിപ്പിക്കാനുള്ള പദ്ധതി.
5. ഭക്ഷ്യ സംസ്ക്കരമ വ്യവസായങ്ങളിൽ വ്യക്തിഗത വിഭവശേഷിയുടെ വികസനത്തിനുമുള്ള പദ്ധതി.
6. ഭക്ഷ്യ സംസ്ക്കരണ വ്യവസായങ്ങളിൽ വ്യക്തിഗത വിഭവശേഷിയുടെ വികസനത്തിനായുള്ള പദ്ധതി.
7. പരമ്പരാഗത മത്സ്യ സംസ്ക്കരണ സാങ്കേതിക വിദ്യകളും വിപണനവും ശക്തിപ്പെടുത്താനുള്ള പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

8. മൂല്യം കുറഞ്ഞ ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിനായുള്ള പദ്ധതി.

9. മാംസത്തിന്റെയും മാംസോൽപ്പന്നങ്ങളുടെയും വിപണനം, ഗുണനിലവാര നിയന്ത്രണം, സംഭരണം, ട്രാൻസ്പോർട്ടിങ്ങ് എന്നിവ വികസിപ്പിക്കാനുള്ള/ മെച്ചപ്പെടുത്താനുമുള്ള പദ്ധതി.

10. ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾക്ക് മുൻഘട്ടങ്ങളോടുള്ള ബന്ധങ്ങൾ ശക്തിപ്പെടുത്താനും വിപണനശേഷി വർദ്ധിപ്പിക്കാനുമുള്ള പദ്ധതി.

## അനുബന്ധം - III

[25-7-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 9 (4169) ദയവായി കാണുക]

1. Keltron Counters Ltd.
2. Astral Watches Ltd.
3. The Kerala Ceramics Ltd.
4. Trivandrum Spinning Mills Ltd.
5. Kerala Soaps & Oils Ltd.
6. Kerala State Drugs & Pharmaceuticals Ltd.
7. Kerala State Salicylates & Chemicals Ltd.
8. Sitaram Textiles Ltd.
9. Autokast Ltd.
10. Kerala State Detergents & Chemicals Ltd.
11. Travancore Plywood Industries Ltd.
12. Kerala State Textile Corporation Ltd.
13. Kerala Garments Ltd.
14. Kerala Construction Components Ltd.
15. Transformers & Electrical Kerala Ltd.
16. United Electrical Industries Ltd.
17. Keltron Rectifiers Ltd.

LIBRARY ARCHIVES Kerala Legislative Assembly